ബി1–2149/03

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി: 19.10.2006

## സർക്കുലർ

വിഷയം:– കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസ് 1957–ഉപനിയമം '6' ഭേദഗതി ജില്ലാ രജിസ്ട്രാർമാരെ നിയമിച്ചത്–സംബന്ധിച്ച്.

സൂചന:–
(1) സർക്കാരിന്റെ 02.02.2001 ലെ ജി.ഒ. (പി) 92/01/ലാ ഉത്തരവ്.
(2) വിവാഹ രജിസ്ട്രാർ ജനറലിന്റെ 28.02.2001 ലെ ബി2–37438/97–ാം നമ്പർ സർക്കുലർ
(3) വിവാഹ രജിസ്ട്രാർ ജനറലിന്റെ 31.01.2004 ലെ ബി1–3593/04–ാം സർക്കുലർ.
(4) സർക്കാരിന്റെ 02.02.2006 ലെ ജി.ഒ. (പി) നമ്പർ. 21/2006/ലാ ഉത്തരവ്.

സൂചന ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരം വിവാഹം നടന്നു മുപ്പതു ദിവസം കഴിഞ്ഞുള്ള വിവാഹം, വിവാഹ രജിസ്ട്രാർ ജനറ (പഞ്ചായത്ത് ഡയറക്ടർ) ലിന്റെ പ്രത്യേകാനുമതിയോടു കൂടിയാണ് ലോക്കൽ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തു വരുന്നത്. ഇത് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ സൂചന നാല് സർക്കാർ ഉത്തരവ് പ്രകാരം സമയപരിധി കഴിഞ്ഞ് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകുന്നതിനായി ജില്ലാ രജിസ്ട്രാർമാരായി പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാരെ അധികാരപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരിയ്ക്കുന്നു.

മേൽ സാഹചര്യത്തിൽ വിവാഹം കഴിഞ്ഞ് 30 ദിവസത്തിനു ശേഷം ലഭിയ്ക്കുന്ന വിവാഹ റിപ്പോർട്ടുകളിൽ രജിസ്ട്രേഷന് പ്രത്യേകാനുമതി നല്കുന്നതിന് ജില്ലാ വിവാഹ രജിസ്ട്രാർമാരായ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ജില്ലയിലെ രജിസ്ട്രേഷൻ യൂണിറ്റുകളിൽ വിവാഹം കഴിഞ്ഞ് മുപ്പതു ദിവസത്തിനുശേഷം വിവാഹ രജിസ്ട്രേഷന് ലഭിയ്ക്കുന്ന അപേക്ഷകളിന്മേൽ ജില്ലാ രജിസ്ട്രാറുടെ പ്രത്യേകാനുമതി ലഭിച്ചതിനുശേഷം മാത്രം രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് ലോക്കൽ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഈ ആഫീസിലെ 31.01.2004 ലെ ബി1–3593/04 സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ടു മാത്രമേ പ്രത്യേകാനുമതിക്കുള്ള അപേക്ഷകളിന്മേൽ തീരുമാനമെടു ക്കാവൂ എന്ന് എല്ലാ ജില്ലാ രജിസ്ട്രാർമാരെയും ഓർമ്മിപ്പിക്കുന്നു.

**വിവാഹരജിസ്ട്രാർ ജനറൽ ആന്റ്**
**പഞ്ചായത്ത് ഡയറക്ടർ**

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും